# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2378** — **17.08.2017**-ൽ മറുപടിക്ക്

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്**<br>**,, അബ്ദുൽ ഹമീദ് പി.**<br>**,, പി.കെ.ബഷീർ**<br>**,, പി.ഉബൈദുള്ള** | **ശ്രീ. എ.കെ. ബാലൻ**<br>പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |
| (എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (എ) പാർലമെന്ററി ജനാധിപത്യം ശക്തിപ്പെടുത്തുന്നതിനും ജനാധിപത്യത്തിലധിഷ്ഠിതമായ സഹവർത്തിത്വവും സാമൂഹിക രാഷ്ട്രീയ അവബോധവും കേരളത്തിലെ ജനങ്ങളിൽ ഊട്ടിയുറപ്പിക്കുന്നതിനും വേണ്ടിയാണ് പാർലമെന്ററികാര്യ വകുപ്പിനു കീഴിൽ 2003-ൽ പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമായത്. ആരോഗ്യകരമായ പാർലമെന്ററി ജനാധിപത്യത്തിനായി പുതിയ ആശയങ്ങൾ രൂപീകരിച്ച് പ്രാവർത്തികമാക്കുന്നതിലേക്കായി വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും പൊതു സമൂഹത്തിനും പാർലമെന്ററി പ്രക്രിയയെക്കുറിച്ചും പാരമ്പര്യത്തെക്കുറിച്ചും സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കുകയും പൊതു താല്പര്യമുള്ള ചരിത്രപരമായും രാഷ്ട്രീയ/സാമൂഹികപരമായും പ്രാധാന്യമർഹിക്കുന്ന വിഷയങ്ങളിൽ പഠനവും ഗവേഷണവും നടത്തുകയും ചെയ്യുക, വിദ്യാർത്ഥികൾക്കായി യൂത്ത് പാർലമെന്റ് മത്സരങ്ങൾ സംഘടിപ്പിക്കുക, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും, ഉദ്യോഗസ്ഥർക്കുമായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക എന്നിവയാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന പ്രവർത്തനങ്ങൾ. |

| | |
|---|---|
| (ബി) ഇതിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;<br><br>(സി) ഇൻസ്റ്റിറ്റ്യൂട്ട് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ എന്തെല്ലാമാണ്; | (ബി) യും (സി) യും ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം തൃപ്തികരമാണ്. ആരോഗ്യകരമായ പാർലമെന്ററികാര്യ ജനാധിപത്യത്തിനായി പുതിയ ആശയങ്ങൾ രൂപീകരിച്ച് പ്രാവർത്തികമാക്കുന്നതിലേക്കായി വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും പൊതു സമൂഹത്തിനും പാർലമെന്ററി പ്രക്രിയയെക്കുറിച്ചും പാരമ്പര്യത്തെക്കുറിച്ചും സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കുകയും പൊതു താത്പര്യമുള്ള, ചരിത്രപരമായും രാഷ്ട്രീയ/ സാമൂഹികപരമായും പ്രാധാന്യമർഹിക്കുന്ന വിഷയങ്ങളിൽ പഠനവും ഗവേഷണവും നടത്തുക, വിദ്യാർത്ഥികൾക്കായി യൂത്ത് പാർലമെന്റ് മത്സരങ്ങൾ സംഘടിപ്പിക്കുക, വിജയികൾക്ക് മികച്ച പാർലമെന്റേറിയൻമാർക്കുള്ള ക്യാമ്പ് നടത്തുക, ജനാധിപത്യത്തിൽ മതേതര മൂല്യങ്ങളുടെ പ്രാധാന്യം കേന്ദ്രീകരിച്ച് സ്കൂളുകളിലും കോളേജുകളിലും സെമിനാറുകൾ നടത്തുക. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധി- കൾക്കും ഉദ്യോഗസ്ഥർക്കുമായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക എന്നിവയാണ് പാർലമെന്ററി കാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന പ്രവർത്തനങ്ങൾ. കൂടാതെ ജേർണൽ ഓഫ് പാർലമെന്ററി സ്റ്റഡീസ്, പാർലമെന്ററി സംവിധാനവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ എന്നിവ പ്രസിദ്ധീകരിച്ച് വരുന്നു. |
| (ഡി) ഈ പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ഡി) 2017-18 അദ്ധ്യയന വർഷാരംഭത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിവിധ പ്രോഗ്രാമുകൾ നടത്തേണ്ടുന്ന സ്കൂളുകളുടെ പട്ടിക ആവശ്യപ്പെട്ട് സർക്കാർ തലത്തിൽ തന്നെ ബഹു. എംഎൽ.എ മാർക്ക് കത്ത് നൽകുകയും പട്ടിക ലഭ്യമായ ശേഷം ബഹു.എം.എൽ.എ-മാരുടെ സഹകര- ണത്തോടെ അവരുടെ മണ്ഡലത്തിലെ സ്കൂളുകളിൽ ഇൻസ്റ്റിറ്റ്യൂട്ട് നിർദ്ദേശിച്ചിട്ടുള്ള പ്രോഗ്രാമുകൾ നടത്തുവാൻ ബന്ധപ്പെട്ട സ്കൂൾ അധികാരികൾക്ക് നിർദ്ദേശം നൽകി വരുന്നുണ്ട്. പാർമെന്ററി പ്രക്രിയയെക്കുറിച്ചുള്ള പഠനത്തിനും ഗവേഷണത്തിനും ഉതകുന്ന രീതിയിൽ ഇൻസ്റ്റിറ്റ്യൂട്ടിനെ പാർലമെന്ററി ഇൻഫർമേഷൻ ആന്റ് റിസർച്ച് സെന്റർ (PICR) |

ആക്കി ഉയർത്തുന്ന കാര്യവും പരിഗണനയിലാണ്. പാർലമെന്ററി സംവിധാനത്തെപ്പറ്റി സ്ത്രീകളിൽ അവബോധം സൃഷ്ടിക്കുന്നതിനു വേണ്ടി 'മോഡൽ പാർലമെന്റ്' കുടുംബശ്രീ അംഗങ്ങളെ പങ്കെടുപ്പിച്ചു കൊണ്ട് നടത്തുന്നതിനുള്ള പദ്ധതി ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കി വരുന്നു. 2017-18 അദ്ധ്യയന വർഷത്തിൽ ഓരോ നിയോജക മണ്ഡലങ്ങളിലേയും 4 സ്കൂളുകളിലും ഒരു ജില്ലയിലെ രണ്ട് കോളേജുകളിലും വീതം മതേതര ജനാധിപത്യത്തെക്കുറിച്ചുള്ള സെമിനാറുകൾ സംഘടിപ്പിക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് തുടക്കം കുറിച്ചിട്ടുണ്ട്. കൂടാതെ മുൻ മുഖ്യമന്ത്രിമാരുടെ ജീവചരിത്രം പ്രസിദ്ധീകരിക്കുവാനും ഇൻസ്റ്റിറ്റ്യൂട്ട് ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ